ഉത്തരം

(എ)&(ബി)ഫോട്ടോഗ്രാഫർമാരെകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി പരിഷ്കരിച്ച് സമഗ്രനിയമനിർമ്മാണം നടത്തി ക്ഷേമനിധി നിയമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ കരടു ബിൽ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) ക്ഷേമനിധി പ്രാബല്യത്തിൽ വരുമ്പോൾ തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം ക്ഷേമനിധിബോർഡിന് പരിഗണിക്കാവുന്നതാണ്.

38 (1875) ലൈറ്റ് മോട്ടോർ വാഹന തൊഴിലാളികളുടെ മിനിമം വേതനം

ശ്രീ. എളമരം കരീം. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈറ്റ് മോട്ടോർ വാഹനതൊഴിലാളികളുടെ മിനിമം വേതനം നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തു നടപടിയാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ഡി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ തൊഴിലാളി സംഘടനകളുടെ യോഗം വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) തൊഴിൽവകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റേയും വിപുലപ്പെടുത്തുന്നതിന്റേയും ഭാഗമായി ബോധവൽക്കരണ ക്യാമ്പുകൾ നടത്തി പദ്ധതിയിൻകീഴിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് അതാത് ബോർഡ് തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. പുതിയ ക്ഷേമപദ്ധതികൾ ബോർഡ് യോഗത്തിൽ ചർച്ചയ്ക്ക് വിധേയമാക്കി സർക്കാർ അംഗീകാരത്തോടുകൂടി നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായും, ചെയർമാൻമാരുമായും വിവിധ തലങ്ങളിൽ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും, അവയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശവും സഹായവും അവർക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്.

ഇവ കൂടാതെ ക്ഷേമനിധികളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ സംസ്ഥാനതലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) തൽക്കാലം ഉദ്ദേശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly